# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 നവംബർ 3**

---

## കോഴ്സ് കോർഡിനേറ്റർ, കോഴ്സ് മെൻറർ; വാക്ക്-ഇൻ ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഓൺലൈൻ എജ്യുക്കേഷനിൽ ഓൺലൈൻ എം.ബി.എ പ്രോഗ്രാമിന് കോഴ്സ് കോർഡിനേറ്റർ, കോഴ്സ് മെൻറർ എന്നീ താത്കാലിക തസ്തികകളിലേക്ക് കരാർ നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യു നവംബർ 13ന് ഉച്ച കഴിഞ്ഞ് 3.30ന് വൈസ് ചാൻസലറുടെ കാര്യാലയത്തിൽ നടക്കും.

കോഴ്സ് കോർഡിനേറ്റർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിലും കോഴ്സ് മെൻറർ തസ്തികയിൽ മുസ്ലിം വിഭാഗത്തിലുമുള്ള ഓരോ ഒഴിവുകളിലേക്ക് ഒരു വർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ മൂന്ന് വർഷം വരെ സേവനം ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്.

കുറഞ്ഞത് 55 ശതമാനം മാർക്കോടെ എം.ബി.എ ബിരുദവും(എസ്.സി,എസ്.ടി വിഭാഗത്തിന് 50 ശതമാനം) യു.ജി.സി/സി.എസ്.ഐ.ആർ നെറ്റ് വിജയമോ പി.എച്ച്.ഡിയോ(യു.ജി.സി ഒ.ഡി.എൽ/ഒ.എൽ റഗുലേഷൻ 2020 മാനദണ്ഡങ്ങൾക്ക് വിധേയം) ആണ് അടിസ്ഥാന യോഗ്യത.

പ്രതി ദിനം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപയാണ് വേതനം(രണ്ടു തസ്തികകൾക്കും സർവകലാശാല ഗസ്റ്റ്/കോൺട്രാക്ട് അധ്യാപകരുടേതിന് തുല്യമായ വേതനം). പ്രായപരിധി 2023 ജനുവരി ഒന്നിന് 50 വയസ്സ്.

താൽപര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് പ്രായം, വിദ്യഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അധിക യോഗ്യത, ജാതി, നോൺ ക്രീമിലെയർ എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം 13ന് ഉച്ചയ്ക്ക് 2.15ന് സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലുള്ള എ.ഡി.എ 7 സെക്ഷനിൽ ഹാജരാകണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1319/2023)

## എം.എഡ്; സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2023-2025 ബാച്ച് എം.എഡ് പ്രോഗ്രമിന് ജനറൽ വിഭാഗത്തിലും എസ്.സി സംവരണ വിഭാഗത്തിലും സീറ്റുകൾ ഒഴിവുണ്ട്.

55 ശതമാനത്തിൽ കുറയാതെ മാർക്കോടെ ബി.എഡ് ബിരുദം ആണ് യോഗ്യത. വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം sps@mgu.ac.in എന്ന മെയിലിൽ നവംബർ അഞ്ചിന് രാത്രി 12 നകം അയക്കണം.

മെറിറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് നവംബർ ഏഴിന് www.mgu.ac.in, www.sps.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കും.

റാങ്ക് ലിസ്റ്റ് പ്രകാരമുള്ള പ്രവേശനം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നവംബർ എട്ടിന് രാവിലെ 10 മുതൽ നടക്കും. സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അസ്സൽ രോഖകളും പകർപ്പുകളും ഫീസും സഹിതം എട്ടിനു വകുപ്പ് മേധാവി മുൻപാകെ ഹാജരാകണം.

വിശദ വിവരങ്ങൾ www.mgu.ac.in, www.sps.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/1320/2023)

## ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസൽ(ഐ.യു.സി.ഡി.എസ്) ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സ് ആരംഭിക്കുന്നു.

പ്രസ് ടു അല്ലെങ്കിൽ തത്തുല്യം ആണ് അടിസ്ഥാന യോഗ്യത.

താല്പര്യമുള്ളവർ iucdsmgu@mgu.ac.in എന്ന വിലാസത്തിലോ 8547165178, 8891391580 എന്നീ നമ്പറുകളിലോ ബന്ധപ്പെടണം.

(പി.ആർ.ഒ/39/1321/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

നവംബർ 24ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2021 അഡ്മിഷൻ റഗുലർ, 2018 - 2020 അഡ്മിഷൻ സപ്ലിമെൻററി), നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി(2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്), എട്ടാം സെമസ്റ്റർ പഞ്ചവത്സര

എൽ.എൽ.ബി(2010 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് നവംബർ 10 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

നവംബർ 13 വരെ പിഴയോടു കൂടിയും നവംബർ 14ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1322/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി സുവോളജി(പി.ജി.സി.എസ്.എസ് - 2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2012, 2013, 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 15 വരെ ഓൺലൈനിൽ സമർപ്പിക്കാം.

...........................

പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നും രണ്ടും സെമസ്റ്റർ എം.എ ഹിസ്റ്ററി, എം.എ ഇക്കണോമിക്സ്, എം.എ ഹിന്ദി(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2022), (2021 അഡ്മിഷൻ റഗുലർ - ഓഗസ്റ്റ് 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 17 വരെ ഓൺലൈനിൽ സമർപ്പിക്കാം.

........................

സ്കൂൾ ഓഫ് ബയോസയൻസസ് ഓഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി(മൈക്രോബയോളജി, ബയോടെക്നോളജി, ബയോകെമിസ്ട്രി, ബയോഫിസിക്സ് - 2021-2023 ബാച്ച്), എം.എസ്.സി ബയോകെമിസ്ട്രി(2020-2022 ബാച്ച്) റീഅപ്പിയറൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1323/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**